"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ ഗവണ്മെന്റ് ഗസ്റ്റ് ഹൗസിലെ ലസ്കർ തസ്തിക- ശ്രീ. ജെമിനി. പി. എൻ-ന്റെ സേവനം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.339/2024/TSM തീയതി,തിരുവനന്തപുരം, 11-07-2024

---

പരാമർശം:- 1. 29.11.2022-ലെ സ.ഉ.(സാധാ) നം. 436/2022/ടൂറിസം.

2. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 14.08.2023, 16.03.2024 തീയതികളിലെ DOT/11530/2023-E5 നമ്പർ കത്തുകൾ.

**ഉത്തരവ്**

തൃശ്ശൂർ രാമനിലയം ഗസ്റ്റ് ഹൗസിൽ ലാസ്കർ തസ്തികയിലെ ഒഴിവിൽ ശ്രീ. ജെമിനി പി.എൻ എന്ന വ്യക്തിക്ക് വകുപ്പ് അധ്യക്ഷൻ 05.01.2022 മുതൽ 90 ദിവസത്തേക്ക് നിയമനാനുമതി നൽകുകയും ഈ കാലാവധി അവസാനിച്ച സാഹചര്യത്തിൽ, ടിയാനെ 01.04.2022 മുതൽ 179 ദിവസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ ഗസ്റ്റ് ഹൗസിന്റെ സുഗമമായ പ്രവർത്തനത്തിന് ലാസ്കർ തസ്തികയുടെ സേവനം അനിവാര്യമായതിനാൽ ശ്രീ. ജെമിനി പി.എൻ-ന്റെ സേവനം തുടർന്നും ലഭ്യമാക്കിയിരുന്നുവെന്നും 01.10.2022 മുതൽ 04.02.2023 വരെ ടിയാനെ നിലനിർത്തിയ നടപടി സാധൂകരിച്ചു നല്കണമെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ഗവണ്മെന്റ് ഗസ്റ്റ് ഹൗസിൽ ലാസ്കർ തസ്തികയിൽ സ്ഥിരനിയമനം നടന്നതുമൂലം പ്രസ്തുത ഗവണ്മെന്റ് ഗസ്റ്റ് ഹൗസിൽ ദിവസവേതനത്തിൽ ജോലി ചെയ്തിരുന്ന ശ്രീ. ജെമിനി പി എൻ ന്റെ സേവനം 04.02.2023 -ന് അവസാനിപ്പിച്ചിട്ടുള്ളതിനാലും ഗസ്റ്റ് ഹൗസിന്റെ സുഗമമായ പ്രവർത്തനം മുൻ നിർത്തി തൃശ്ശൂർ ഗവണ്മെന്റ് ഗസ്റ്റ് ഹൗസിലെ ലാസ്കർ

തസ്തികയിലെ ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീ. ജെമിനി. പി. എൻ-ന്റെ **01.10.2022** മുതൽ **04.02.2023** വരെയുള്ള സേവനം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീ. ജെമിനി പി എൻ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
ധനകാര്യ (വ്യയം സി) വകുപ്പ് [25.06.2024 ലെ EXP-C3/4/2023-FIN[2314729] നമ്പർ റിമാർക്സ് പ്രകാരം]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/2/2023-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 11-07-2024 17:10:14
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്